**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- നഗരകാര്യം- കൂത്തുപറമ്പ് നഗരസഭയിലെ എൽ.ഡി ക്ളർക്കായിരുന്ന ശ്രീ. വി ഷൈജുവിന്റെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ)നം. 398/2018/തസ്വഭവ. തീയതി, തിരുവനന്തപുരം, 08.02.2018

---

പരാമർശം : 1. നഗരകാര്യ ഡയറക്ടറുടെ 29.12.2017 തീയതിയിലെ ഇ 7-25324/17 നമ്പർ കത്ത്.

2. നഗരകാര്യ ജോയിന്റ് ഡയറക്ടറുടെ 29.12.2017 തീയതിയിലെ ഇ 7-25324/17 നമ്പർ ഉത്തരവ്.

**<u>ഉത്തരവ്</u>**

കേരള മുനിസിപ്പൽ കോമൺ സർവ്വീസിൽ മഞ്ചേരി നഗരസഭയിൽ എൽ.ഡി.ക്ലാർക്ക്/ബിൽ കളക്ടർതസ്തികയിൽ 26.11.2007 ൽ ജോലിയിൽ പ്രവേശിച്ച ശ്രീ. ഷൈജു വി, ടി തസ്തികയിൽ പ്രൊബേഷൻ ഡിക്ളയർ ചെയ്യുന്നതിനാവശ്യമായ എം.ഒ.പി. ടെസ്റ്റ് 27.09.2012 ൽ നടന്ന പരീക്ഷയിൽ ആണ് പാസായത് എന്നതിനാൽ ശ്രീ. ശ്രീ. ഷൈജു വിയുടെ പ്രൊബേഷൻ കാലയളവ് കെ.എസ്.& എസ്.എസ്.ആർ ജനറൽ റൂൾ 21 പ്രകാരം ദീർഘിപ്പിച്ച് നൽകണമെന്ന് നഗരകാര്യഡയറക്ടർ പരാമർശം 1 പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2. 26.11.2007 ൽ എൽ.ഡി.ക്ളർക്ക് /ബിൽകളക്ടർ ആയി ജോലിയിൽ പ്രവേശിച്ച ഷൈജു വിയുടെ പ്രൊബേഷൻ കാലയളവ് ടിയാൾ രണ്ടുവർഷത്തെ ഡ്യൂട്ടി പൂർത്തിയായതിന്റെ തൊട്ടടുത്ത ദിവസം മുതൽ ഒരു വർഷത്തേക്ക് (26.11.2010 വരെ) പരാമർശം 2 പ്രകാരം നിയമനാധികാരിയായ നഗരകാര്യഡയറക്ടർ ദീർഘിപ്പിച്ചു ഉത്തരവായിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 26.11.2007 ൽ എൽ.ഡി.ക്ളർക്ക്/ ബിൽകളക്ടർ ആയി മുനിസിപ്പൽ കോമൺ സർവ്വീസിൽ ജോലിയിൽ പ്രവേശിച്ച ശ്രീ. വി ഷൈജു, ടി തസ്തികയിൽ പ്രൊബേഷൻ ഡിക്ളയർ ചെയ്യുന്നതിനാവശ്യമായ എം.ഒ.പി. ടെസ്റ്റ് 27.09.2012 ൽ ആണ് പാസ്സായിട്ടുള്ളത് എന്നതിനാൽ നഗരകാര്യ ഡയറക്ടർക്ക് ടിയാളുടെ പ്രൊബേഷൻ 28.09.2012 ന് ഡിക്ലയർ ചെയ്യാൻ കഴിയത്തക്ക രീതിയിൽ

ടിയാന്റെ പ്രൊബേഷൻ കാലയളവ് നിയമനാധികാരി ദീർഘിപ്പിച്ചു നൽകിയ തീയതിയുടെ തൊട്ടടുത്ത ദിവസമായ 27.11.2010 മുതൽ 29.09.2012 വരെ KS&SSRs, Part II ചട്ടം 21 പ്രകാരം ദീർഘിപ്പിച്ച് ഉത്തരവാകുന്നു

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**എസ് മോഹൻദാസ്**
അഡിഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.
ശ്രീ. വി ഷൈജു, എൽ.ഡി.ക്ലാർക്ക്/ബിൽ കളക്ടർ, കൂത്തുപറമ്പ് നഗരസഭ
സെക്രട്ടറി, കൂത്തുപറമ്പ് നഗരസഭ (നഗരകാര്യ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ